**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 24-ാമത് സംസ്ഥാന ബധിരകായികമേള 2018 - പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2967/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 22/11/2018

---

പരാമർശം:- 24-ാമത് സംസ്ഥാന ബധിരകായികമേളയുടെ ജനറൽ കൺവീനറുടെ 21.10.2018 ലെ കത്ത്.

**ഉത്തരവ്**

24-ാമത് സംസ്ഥാന ബധിര കായികമേള 2018 നവംബർ 30 ഡിസംബർ 1, 2 തീയതികളിൽ പാലക്കാട് വച്ച് നടക്കുകയാണെന്നും, ഡിസംബർ 25, 26, 27, 28 തീയതികളിൽ ചെന്നൈയിൽ വച്ചു നടക്കുന്ന ദേശീയ കായിക മേളയിൽ പങ്കെടുക്കേണ്ട കേരള ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തെരെഞ്ഞെടുക്കുകയാണെന്നും, കായിക മേളയിൽ അത്‌ലറ്റിക്സ്, വോളിബോൾ, ഫുട് ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് എന്നീ ഇനങ്ങളിലായി 14, 16, 18, 20 വയസ്സ് ഗ്രൂപ്പുകളിലായി ആൺകുട്ടികളും പെൺകുട്ടികളുമടക്കം 1500 ൽ പരം കായിക താരങ്ങൾ പങ്കെടുക്കുന്നുവെന്നും, ഇവർക്ക് 3 ദിവസം താമസം, ഭക്ഷണം, ഗ്രൗണ്ട് , ഒഫിഷ്യൽ, ട്രോഫി തുടങ്ങിയവക്ക് 15 ലക്ഷത്തോളം ചിലവ് വരുമെന്നും, കേൾവിയും സംസാര ശേഷിയുമില്ലാത്ത വ്യക്തികളെ സമൂഹത്തിന്റെ മുൻ നിരയിൽ എത്തിക്കുന്നതിനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, പരിമിതികൾ മറികടന്ന് കായിക കൂട്ടായ്മകൾ വളർത്തുന്നതിനും വേണ്ടി നടത്തുന്ന ഈ കായിക മേളയ്ക്ക് പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്ന് പതിനായിരം രൂപ വീതവും മുൻസിപ്പാലിറ്റികളിൽ നിന്ന് 25,000/- രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 50,000/- (അൻപതിനായിരം) രൂപയും സഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം 24-ാമത് സംസ്ഥാന ബധിരകായികമേളയുടെ ജനറൽ കൺവീനർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2018 നവംബർ 30 ഡിസംബർ 1, 2 തീയതികളിൽ പാലക്കാട് വച്ച് നടക്കുന്ന 24-ാമത് സംസ്ഥാന ബധിരകായികമേളയുടെ സംഘാടനചെലവുകൾക്കായി പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 50,000/- (അൻപതിനായിരം) രൂപയും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജനറൽ കൺവീനർ, 24-ാമത് സംസ്ഥാന ബധിരകായികമേള, പാലക്കാട് ജില്ല സ്പോർട്സ് കൗൺസിൽ ഓഫ് ദി ഡഫ് , മുനിസിപ്പൽ കോംപ്ലക്സ്, ബസ് സ്റ്റാന്റ് ഒറ്റപ്പാലം, പാലക്കാട് - 679101.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് മുഖേന)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്.

എക്സി. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*